പതിമൂന്നാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: * 2 09.03.2015 ൽ മറുപടിക്ക്

## വിമാനത്താവളങ്ങളുടെ അന്താരാഷ്ട്ര ഹബ്ബ് നിർണ്ണയം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സി.മോയിൻ കുട്ടി :<br>,, റ്റി.എ.അഹമ്മദ് കബീർ :<br>,, സി. മമ്മൂട്ടി :<br>,, എൻ. ഷംസുദ്ദീൻ : | | കെ. ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി) | |
| എ) | വിമാനത്താവളങ്ങളുടെ അന്താരാഷ്ട്ര ഹബ്ബ് നിർണ്ണയത്തിൽ സംസ്ഥാനത്തെ ഒരു വിമാനത്താവളത്തെപ്പോലും ഉൾപ്പെടുത്താത്ത സാഹചര്യം ഏതുവിധത്തിൽ പരിഹരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ; | (എ) | ഇന്ത്യയിലെ വ്യോമയാന മേഖല അഭിമുഖീകരിക്കുന്ന വിവിധ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി കേന്ദ്ര വ്യോമയാന മന്ത്രാലയം 10.11.2014 ൽ പുറപ്പെടുവിച്ച കരട് സിവിൽ ഏവിയേഷൻ പോളിസിയിൽ രാജ്യത്തെ ആറ് മെട്രോപൊളിറ്റൻ എയർപോർട്ടുകളായ ഡൽഹി, മുംബൈ, ചെന്നൈ, കൊൽക്കത്ത, ബാംഗ്ലൂരു, ഹൈദരാബാദ് എന്നീ അന്താരാഷ്ട്ര വിമാനത്താവളങ്ങളെ വലിയ അന്താരാഷ്ട്ര ഹബ്ബുകളായി വികസിപ്പിക്കുവാനാണ് വിഭാവനം ചെയ്തിട്ടുള്ളത്. കരട് വിജ്ഞാപനം മാത്രമാണ് കേന്ദ്ര സർക്കാർ പുറപ്പെടുവിച്ചിട്ടുള്ളത്. സിയാലിനെ International Hub Category യിൽ ഉൾപ്പെടുത്തേണ്ടത് അനിവാര്യമാണെന്ന് കണ്ട് ഇക്കാര്യം ആവശ്യപ്പെട്ട് ബഹു. കേരള മുഖ്യമന്ത്രി കേന്ദ്ര വ്യോമയാന മന്ത്രിക്ക് കത്ത് അയച്ചിട്ടുണ്ട്. കരട് വ്യോമയാന നയം ചർച്ച ചെയ്യാൻ 30.12.2014 ൽ ചേർന്ന ഉന്നതതലയോഗത്തിൽ സംസ്ഥാനത്തിന്റെ ഈ നിലപാട് അറിയിക്കുകയും ചെയ്തിട്ടുണ്ട്. ഇക്കാര്യത്തിൽ ശക്തമായ സമ്മർദ്ദം ചെലുത്തി അന്തിമ വിജ്ഞാപനത്തിൽ സിയാലിനെ ഉൾപ്പെടുത്തിപ്പിക്കുവാനാണ് സംസ്ഥാന സർക്കാർ |

| | | | |
|---|---|---|---|
| | | | ഉദ്ദേശിക്കുന്നത്. |
| (ബി) | അന്താരാഷ്ട്ര യാത്രക്കാരുടെ എണ്ണത്തിലും, വിദേശപണം രാജ്യത്ത് കൊണ്ടുവരുന്ന കാര്യത്തിലും മുൻ പന്തിയിലുള്ള കേരളത്തിലെ വിമാനത്താവളത്തെ ഉൾപ്പെടുത്താ തിരുന്നതിന്റെ കാരണങ്ങളെക്കുറിച്ച് പരിശോധി ച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ; | (ബി) യും (സി) യും | കരട് വ്യോമയാന നയത്തിൽ രാജ്യത്തെ മെട്രോപോളിറ്റൻ വിമാനത്താവളങ്ങളെ മാത്രമാണ് അന്താരാഷ്ട്ര ഹബ്ബ് കാറ്റഗറിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. കേരളത്തിലെ വിമാനത്താവളങ്ങൾ മെട്രോ പോളിറ്റൻ വിഭാഗത്തിൽ പെടാത്തവയായതിനാലാണ് ഇതിൽ ഉൾപ്പെടാതെപോയത്. എന്നാൽ യാത്രക്കാരുടെ എണ്ണത്തിൽ മുൻപന്തിയിലുള്ള, രാജ്യത്തെ വ്യോമയാന മേഖലയുടെ കുതിപ്പിന് തന്നെ വഴിവച്ച ആദ്യത്തെ പി.പി.പി വിമാനത്താവളമായ Cochin International Airport Limited (CIAL) നെ കരട് വ്യോമാന നയത്തിൽ വിഭാവനം ചെയ്യുന്ന International Hub Category യിൽ ഉൾപ്പെടുത്തേണ്ടത് അനിവാര്യമാണെന്ന് കണ്ട് ഇക്കാര്യം ആവശ്യപ്പെട്ട് ബഹു. കേരള മുഖ്യമന്ത്രി കേന്ദ്ര വ്യോമയാന മന്ത്രിക്ക് കത്ത് അയച്ചിട്ടുണ്ട്. കരട് വ്യോമയാന നയം ചർച്ച ചെയ്യാൻ 30.12.2014 ൽ ചേർന്ന ഉന്നതതലയോഗത്തിൽ സംസ്ഥാനത്തിന്റെ ഈ നിലപാട് അറിയിക്കുകയും ചെയ്തിട്ടുണ്ട്. ഇക്കാര്യത്തിൽ സംസ്ഥാന സർക്കാർ ശക്തമായ സമ്മർദ്ദം ചെലുത്തി വരുന്നു. കേരളത്തിനിന്നുള്ള ബഹു. എം.പിമാരോട് ഇക്കാര്യത്തിൽ ഇടപെടുവാനും സംസ്ഥാന സർക്കാർ അഭ്യർത്ഥിച്ചിട്ടുണ്ട്. |
| (സി) | ഇക്കാര്യത്തിൽ കേന്ദ്രസർക്കാർ സ്വീകരിച്ച മാനദണ്ഡത്തിൽ ഏതെങ്കിലും നമ്മുടെ അവസരം നഷ്ടപ്പെടുത്താൻ ഇടയാക്കി യിട്ടുണ്ടോ; എങ്കിൽ ആവശ്യമായ പരിഹാരനടപടികൾ അടിയ ന്തിരമായി സ്വീകരിക്കുമോ? | | |

സെക്ഷൻ ഓഫീസർ